# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## കാവൽ മാലാഖയോടുള്ള പ്രാർത്ഥന-Angel guardian




### കാവൽ മാലാഖയോടുള്ള പ്രാർത്ഥന

ഞങ്ങളെ എപ്പോഴും കാത്തുസൂക്ഷിക്കുന്നതിനായി കാവൽ മാലാഖമാരെ നിയോഗിച്ചുതന്ന ത്രീയേക ദൈവമേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. ഞങ്ങളെ കാത്തുരക്ഷിക്കുന്നതിനായി ദൈവത്താൽ നിയോഗിക്കപ്പെട്ട ഞങ്ങളുടെ കാവൽ മാലാഖായേ, ഈ ഭവനത്തെയും ഇതിൽ വസിക്കുന്ന ഞങ്ങളെല്ലാവരെയും പൈശാചികശക്തിയിൽനിന്നും പ്രകൃതിക്ഷോഭം, പകർച്ചവ്യാധി, ദുർമരണം തുടങ്ങിയ എല്ലാ അനർത്ഥങ്ങളിൽനിന്നും സദാ കാത്തുരക്ഷിക്കണമെ. ഞങ്ങളുടെ ഈ ഭവനത്തിനും ഇതിൽ വസിക്കുന്ന എല്ലാവർക്കും കാവലായിരുന്ന് ഞങ്ങളെ നീ വഴി നടത്തണമേ.

എന്നെ കാത്തുസൂക്ഷിക്കുന്നതിനായി ദൈവത്താൽ നിയോഗിക്കപ്പെട്ട എന്റെ കവൽമാലാഖായേ, ഇപ്പോൾ എനിക്ക് ഏറ്റവും ആവശ്യമായ ഈ അനുഗ്രഹം....നിന്റെ മാദ്ധ്യസ്ഥശക്തിയാൽ നേടിത്തരണമേ. ഈ നിമിഷംമുതൽ സ്വർഗ്ഗീയഭവനത്തിൽ എത്തിച്ചേരുംവരെ എന്നെ എന്നും കാത്തുപരിപാലിക്കണമെ. ഇന്നേദിവസം എന്റെ ഈ പ്രത്യേക നിയോഗത്തെ (ആവശ്യം പറയുക) ദൈവസന്നിധിയിൽ സമർപ്പിച്ച് എനിക്കായി മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ. (7 ത്രിത്വസ്തുതി)

### തിരുവചനം

ഇതാ, ഒരു ദൂതനെ നിനക്കുമുൻപേ ഞാൻ അയയ്ക്കുന്നു. അവൻ നിന്റെ വഴിയിൽ നിന്നെ കാത്തുകൊള്ളും , ഞാൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്കു നിന്നെ കൊണ്ടുവരുകയും ചെയ്യും (പുറപ്പാട് 23:20).
നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്നു തന്റെ ദൂതൻമാരോടു കൽപിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും (സങ്കീർത്തനങ്ങൾ 91:11-12).

+++